*ഒരു ആര്യസമാജം പ്രസിദ്ധീകരണം*
*Date of Publication 10/10/2018*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

# വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി

**നമസ്തേ,**

പേമാരിയും വെള്ളപ്പൊക്കവും മൂലം നമ്മുടെ ആയിരക്കണക്കിന് സഹോദരങ്ങൾ ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാതെ മരണത്തെ മുഖാമുഖം കണ്ട് ക്ലേശിച്ചുകൊണ്ടിരിക്കുകയാണ്. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് തല ചായ്ക്കാനൊരിടം പോലുമില്ലാതെ ആയിരങ്ങൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കാനായി ആര്യസമാജവും മറ്റു സന്നദ്ധ സംഘടനകൾക്കൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചുവരുന്നു. വെള്ളിനേഴി ആര്യസമാജം വിവിധ സ്ഥലങ്ങളിൽ നടത്തുന്ന വേദപഠന ക്ലാസ്സുകളിലെ അംഗങ്ങളും ദയാനന്ദസന്ദേശം മാസികയുടെ സേവന സന്നദ്ധരായ വായനക്കാരും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ആര്യസമാജം അവരെ പുനരധിവസിപ്പിക്കാനായി ഒരു പ്രോജക്ട് തയ്യാറാക്കിവരുന്നു. ഈ പ്രോജക്ടിൽ ഭാഗഭാക്കാവാൻ ആഗ്രഹിക്കുന്നവർ തങ്ങളാൽ കഴിയുന്ന സഹായങ്ങളും നിർദ്ദേശങ്ങളും aryasamajvellinezhi@gmail.com എന്ന വിലാസത്തിൽ അയച്ചുതന്നാൽ നന്നായിരുന്നു. ഈ പ്രൊജക്ടിന് സംഭാവന നൽകാൻ സന്മനസ്സുള്ളവർ അത് താഴെകൊടുക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാവുന്നതാണ്. ദാനം നൽകുന്നവർ തങ്ങളുടെ പൂർണ്ണവിലാസം മേൽകൊടുത്ത ഈമെയിൽ വഴി അയച്ചുതരണമെന്നഭ്യർത്ഥിക്കുന്നു. രസീത് അയച്ചുതരുന്നതിനാണിത്.

A/c. Name : Arya Samajam vellinezhi
Punjab National Bank,
Cherpalachery Branch
SB A/c No.4264000100071490
IFSC Code:PUNB 0426400

A/c. Name: Veda Gurukulam
Punjab National Bank,
Cherpalachery Branch
SB A/c No.4264000100086562
IFSC Code:PUNB 0426400

**Registered under Section 12AA of Income Tax Act 1961**
**PAN No : AADTA8611N**

എന്ന്,
കാര്യദർശി,
ആര്യസമാജം, വെള്ളിനേഴി

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**
ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 7 ലക്കം 4

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ഭാദ്രപദം – ആശ്വിനം
1194 കന്നി – തുലാം 2018 ഒക്ടോബർ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



## ജതീന്ദ്ര ദാസ് (1904-1929)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

ഒക്ടോബർ 2 : ഗാന്ധിജയന്തി
ഒക്ടോബർ 4 : ശ്യാംജി കൃഷ്ണവർമ്മ ജന്മദിനം
ഒക്ടോബർ 19 : വിജയദശമി
ഒക്ടോബർ 27 : ജതീന്ദ്ര ദാസ് ജന്മദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ

**യഃ കുക്ഷിഃ സോമപാതമഃ സമുദ്ര ഇവ പിന്വതേ।**
**ഉര്വീരാപോ ന കാകുദഃ॥**
**ഋഗ്വേദം(1.8.7)**

**പദാർത്ഥം** : (സമുദ്ര ഇവ) എങ്ങനെയാണോ സമുദ്രത്തെ ജലവും (ആപോനകാകുദഃ) ശബ്ദങ്ങളുടെ ഉച്ചാരണം തുടങ്ങിയ വ്യവഹാരങ്ങൾ ചെയ്യുന്ന പ്രാണൻ വാണിയേയും (പിന്വതെ) സേവിക്കുന്നത് അതുപോലെ (കുക്ഷിഃ) എല്ലാ പദാർത്ഥങ്ങളിൽനിന്നും അവയുടെ രസത്തെ വലിച്ചെടുക്കുന്ന (സോമപാതമഃ) സോമം അതായത് ലോകത്തിലെ പദാർത്ഥങ്ങളുടെ രക്ഷകനായ സൂര്യൻ (ഉർവ്വീ) പൃഥിവിയെ എല്ലാം (പിന്വതെ) സേവനം അഥവാ സേചനം ചെയ്യുന്നു.

**ഭാവാർത്ഥം** : ഈ മന്ത്രത്തിൽ രണ്ട് ഉപമാലങ്കാരങ്ങൾ ഉണ്ട്. ഈശ്വരൻ എങ്ങനെയാണോ ജലത്തിന്റെ സ്ഥിതിക്കും വൃഷ്ടിയുടെ ഹേതുവുമായ സമുദ്രത്തേയും വാണിയുടെ വ്യവഹാരഹേതുവായ പ്രാണനേയും ഉണ്ടാക്കിയത്, അതേപോലെ സൂര്യലോകം മഴയുണ്ടാവാനും പൃഥിവിയെ ആകർഷിച്ചു നിർത്തുവാനും പ്രകാശം, രസവിഭാഗം എന്നിവയുണ്ടാക്കാനുമായി നിർമ്മിച്ചു. ഇതുമൂലം എല്ലാ പ്രാണികൾക്കും പലതരത്തിലുള്ള വ്യവഹാരങ്ങൾ സിദ്ധിക്കുന്നു.

(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്
തർജ്ജമ : കെ.എം.രാജൻ)

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി.ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അന്തരീക്ഷശുദ്ധിക്ക് ബൃഹത് അഗ്നിഹോത്രം നടത്തി




കേരളത്തിലെ പ്രളയബാധിതമേഖലകളിൽ അന്തരീക്ഷശുദ്ധിക്കും പകർച്ച വ്യാധികളെ തടയുന്നതിനുമായി വിശിഷ്ടങ്ങളായ രോഗനാശക ഹവിസ്സുകൾ ഉപയോഗിച്ച് ആര്യസമാജം വെള്ളിനേഴിയുടെ നേതൃത്വത്തിൽ ബൃഹത് അഗ്നിഹോത്രങ്ങൾ സംഘടിപ്പിച്ചു. ചെങ്ങന്നൂർ, കൊടുങ്ങല്ലൂർ, അന്നമനട, മേലൂർ, ആമ്പല്ലൂർ, പറവൂർ, ഗുരുവായൂർ തുടങ്ങിയ തെക്കൻ ജില്ലകളിലെ പ്രളയബാധിത മേഖലകളിലും പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ എലിപ്പനിപോലുള്ള രോഗലക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ സ്ഥലങ്ങളിലും വിശാലയജ്ഞങ്ങൾ സംഘടിപ്പിച്ചു. സർവ്വശ്രീ. കെ.എം.രാജൻ, കെ.കെ.ജയൻ, ഹരികൃഷ്ണൻ, അംബരീഷ് പി.ജി., സനിൽ. എൻ എന്നിവർ യജ്ഞങ്ങൾക്ക് നേതൃത്വം നൽകി.



*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഒ**രിക്കൽ ഒരു സ്കൂൾ അദ്ധ്യാപകനായിരുന്ന പണ്ഡിറ്റ് ചിരഞ്ജീവി ലാൽ ലേഖ്റാമിനെ ആര്യസമാജപ്രചാരണത്തിനായി കർത്താർപൂരിലേക്ക് ക്ഷണിച്ചു. അവിടെ വെച്ചു നടന്ന ഒരു പ്രഭാഷണത്തിൽ അദ്ദേഹമിങ്ങനെ പറഞ്ഞു. "പുരുഷോത്തമനായ ശ്രീരാമന്റെ ഭക്തർ ഇതേപോലെ രാമനെ സ്തുതിക്കുകയും രാവണനെ നിന്ദിക്കുകയും ചെയ്യും. രാവണഭക്തരും അപ്രകാരം രാവണനെ പ്രകീർത്തിക്കുകയും രാമനെ നിന്ദിക്കുകയും ചെയ്യും" അപ്പോൾ ശ്രോതാക്കളിൽ ചിലർ കാര്യങ്ങൾ യഥാർത്ഥത്തിൽ ഉൾക്കൊള്ളാതെ ലേഖ്റാം ശ്രീരാമനെ നിന്ദിച്ചു സംസാരിക്കുന്നതായി കരുതി അദ്ദേഹത്തിന് നേർക്ക് മണ്ണും കല്ലും എറിഞ്ഞു. യാതൊരു ഭാവഭേദവുമില്ലാതെ ലേഖ്റാം പ്രസംഗം തുടർന്നു. യോഗം കഴിഞ്ഞശേഷം മടക്കയാത്രയ്ക്കായി ലേഖ്റാം റെയിൽവേസ്റ്റേഷനിലേക്ക് പോകാനൊരുങ്ങിയപ്പോൾ അദ്ദേഹത്തെ ഈ പരിപാടിക്ക് ക്ഷണിച്ച പണ്ഡിറ്റ് ചിരഞ്ജീവിലാൽ പറഞ്ഞു "പണ്ഡിറ്റ്ജി അങ്ങയുടെ വസ്ത്രത്തിലെല്ലാം മണ്ണായിരിക്കുന്നു. അത് കഴുകിക്കളഞ്ഞിട്ട് പോയാൽ പോരെ?" ഇതുകേട്ട ലേഖ്റാം ചിരിച്ചുകൊണ്ടിപ്രകാരം പറഞ്ഞു "ഓ, അത് സാരമില്ല, പോകുന്ന വഴിക്കും വസ്ത്രത്തിൽ ധാരാളം മണ്ണാവാൻ സാധ്യതയുണ്ടല്ലോ! സ്റ്റേഷനിൽ പോയി എല്ലാം വൃത്തിയാക്കാം." കല്ലേറിൽ പതറുന്നവനായിരുന്നില്ല ലേഖ്റാം. അദ്ദേഹം തികഞ്ഞ നിശ്ചയദാർഢ്യമുള്ളവനായിരുന്നു. ഒരു തീരുമാനമെടുത്താൽ അത് പൂർത്തിയാക്കിയേ അദ്ദേഹം വിശ്രമിക്കുമായിരുന്നുള്ളൂ. ഇത്തരത്തിലുള്ള പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ട് ലേഖ്റാം ഏഴു പ്രാവശ്യം കർത്താർപൂരിൽ പ്രചാരണത്തിനായി എത്തി. അവിടെ ഒരു ആര്യസമാജം സ്ഥാപിക്കുകയും ചെയ്തു.

ഒരിക്കൽ ധനികനായ ഒരു ജമീന്ദാർ മുസ്ലീങ്ങളുടെ പ്രഭാവലയത്തിൽപെട്ട് ഇസ്ലാം മതം സ്വീകരിക്കാൻ തയ്യാറെടുക്കുകയായിരുന്നു. ഒരു നിശ്ചിതസമയത്തിനകം തന്റെ സംശയങ്ങൾക്ക് നിവാരണം നൽകാൻ ഹിന്ദു പണ്ഡിതൻമാർക്ക് കഴിയുന്നില്ലെങ്കിൽ താൻ ഇസ്ലാം മതം സ്വീകരിക്കുന്നതാണെന്ന് അദ്ദേഹം ഒരു പത്രപരസ്യം നൽകി.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 7 ലക്കം 4

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ഭാദ്രപദം – ആശ്വിനം
1194 കന്നി – തുലാം 2018 ഒക്ടോബർ

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാദ്ധ്യയനം : | |
| മുഖവാണി : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക : | 5 |
| ഉപദേശമഞ്ജരി : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും : | 7 |
| ദ്രൗപദിയും പഞ്ചപതികളും : | 8 |
| ജീവിതം ഒരലയാഴി : | 9 |
| യോഗദർശനം : | 10 |
| സംശയനിവാരിണി : | 11 |
| വ്യവഹാര ഭാനുഃ : | 12 |
| വേദങ്ങളെ അറിയുക : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം : | 14 |



**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:7907077891, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.aryasmajkerala.org.in**


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



**ലോക**ത്തിൽ രണ്ടുതരത്തിലുള്ള വിചാരധാരകൾ മനുഷ്യരിൽ കാണാവുന്നതാണ്. ആസ്തികവിചാരധാരയും നാസ്തികവിചാരധാരയുമാണത്. ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ടവർ ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നവരും ജഗത്തിന്റെ നിയന്താവ് അദ്ദേഹമാണെന്നു കരുതുന്നവരുമാണ്.

ഈ ലോകം ആരും ഉണ്ടാക്കിയതല്ല. അത് സ്വയം രൂപം കൊണ്ടതാണ്. അത് തനിയെ നാശം പ്രാപിക്കുന്നതുമാണ് എന്നിങ്ങനെ കരുതുന്നവരാണ് രണ്ടാമത്തേകൂട്ടർ. ഇവിടെ നമ്മുടെ ചർച്ചാവിഷയം ഈശ്വരൻ ആരാണ് എന്നതാണ്. അതിനാൽ നമുക്ക് ആസ്തികപക്ഷത്തുനിന്ന് ഇക്കാര്യം ചിന്തിക്കാം.

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ഈശ്വരസാക്ഷാത്ക്കാരം ആഗ്രഹിക്കാത്തവർ ആരാണ് ആസ്തികർക്കിടയിൽ ഉണ്ടാവാനിടയുള്ളത്? ചെയ്തുപോയ പാപകർമ്മങ്ങളിൽനിന്നും മോചനം നേടി സ്വർഗ്ഗം നേടാൻ ആഗ്രഹിക്കുന്നവരാണ് ഏറിയകൂറും. എന്നാൽ ഈശ്വരസാക്ഷാത്ക്കാരത്തിനുള്ള മാർഗ്ഗമേതെന്നറിയാത്ത നാമെങ്ങനെ അവ നേടിയെടുക്കും. ഇതിനായി നാം ആധ്യാത്മികാചാര്യന്മാരുടെ അടുത്തുപോവുകയോ ധർമ്മഗ്രന്ഥമാണെന്നു കരുതപ്പെടുന്ന ഏതാനും ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഉപാസനാപദ്ധതികൾ രൂപപ്പെടുത്തി അനുഷ്ഠിച്ചുപോരുകയോ ചെയ്യുന്നു. എന്നാൽ നാം ആശ്രയിക്കുന്ന മതഗ്രന്ഥങ്ങൾ ശരിയായ മാർഗ്ഗം കാണിക്കാനുതകുന്നതുതന്നെയാണോ? ഈ ആദ്ധ്യാത്മികാചാര്യന്മാർ സത്യധർമ്മത്തെ ഉപദേശിച്ചു നമുക്ക് വഴികാട്ടാൻ യോഗ്യരാണോ? അവർക്ക് ഈശ്വരന്റെ യഥാർത്ഥ സ്വരൂപം അറിയുന്നില്ലെങ്കിൽ എങ്ങനെ അത് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കും.

ഇന്നത്തെ ലോകത്തിൽ നാം ഒരു വസ്തുവാങ്ങിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ആ വസ്തുവിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ നാം ശേഖരിക്കും. അതിന്റെ വില, എവിടെ ലഭിക്കും? അതിന്റെ ഗുണദോഷങ്ങൾ എന്തൊക്കെയാണ്? ശുദ്ധമായ വസ്തുക്കളെ നാം വാങ്ങാൻ ആഗ്രഹിക്കുകയുള്ളു. മായം ചേർത്തവയും പെട്ടെന്ന് കേടാവാൻ സാധ്യതയുള്ളതും ഗ്യാരണ്ടി, വാറണ്ടി എന്നിവയില്ലാത്തതുമായ വിലയേറിയ വസ്തുക്കൾ ഒന്നും നാം വില കൊടുത്തു വാങ്ങാൻ ഇഷ്ടപ്പെടുകയില്ല. എന്നാൽ ഈശ്വരൻ എന്ന വളരെ വിശിഷ്ടമായ വിഷയത്തേക്കുറിച്ചറിയാൻ നാം പലപ്പോഴും സമീപിക്കുന്നത് യഥാർത്ഥജ്ഞാനമില്ലാത്ത ആത്മീയാചാര്യന്മാരേയോ പ്രാമാണികമല്ലാത്ത ഏതെങ്കിലും ഗ്രന്ഥങ്ങളേയോ ആണ് എന്നതല്ലേ സത്യം?

ഈശ്വരന്റെ സത്യസ്വരൂപം തങ്ങൾക്കാണ് അറിയുക എന്ന് ലോകത്തിൽ പ്രചാരത്തിലുള്ള വിവിധ മതക്കാർ അവകാശപ്പെടുന്നുണ്ട്. എന്നാൽ ഒരന്വേഷണം നടത്തിയാൽ ഇവരിൽ പലർക്കും ഈശ്വരന്റെ സ്വരൂപം സങ്കൽപ്പിക്കാൻ മാത്രമേ കഴിയുന്നുള്ളൂവെന്ന് കാണാം. അവരുടെ സങ്കൽപ്പം അവരുടെ ജീവിതരീതി, വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഈ വിഷയത്തിൽ അവർ ശാസ്ത്രീയ അന്വേഷണങ്ങൾ നടത്തുന്നില്ല. ചില മതക്കാർ താടിവെക്കുന്നുവെങ്കിൽ അവരുടെ സങ്കൽപ്പം ഈശ്വരൻ താടിയുള്ളവനാണെന്നാണ്. ഭാംഗ്, മദ്യം, മാംസം എന്നിവയാൽ ആരാധന നടത്തുന്നവർ തങ്ങളുടെ ദൈവവും അത്തരം വസ്തുക്കൾ ഉപയോഗിക്കുന്നവനാണെന്നു കരുതുന്നു. ഭഗവാന്റെ പ്രസാദമായി ഈ വസ്തുക്കൾ അവർ വിതരണം ചെയ്യുന്നതും കാണാം.

(തുടരും)

**പത്രാധിപർ**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**പ**ഠനം പൂർത്തിയാക്കിക്കഴിഞ്ഞാൽ ഇന്ന് ഉപാധികൾ നൽകാറുണ്ട്. അതേപോലെ വൈദിക വ്യവസ്ഥയിൽ വർണം നിശ്ചയിച്ചു കൊടുക്കുമായിരുന്നു. ഏതെങ്കിലും വർണ്ണത്തിൽപ്പെട്ടവർ അവരുടെ കർത്തവ്യപരിപാലനം ചെയ്യുന്നില്ലെങ്കിൽ വർണം തിരിച്ചെടുക്കാനും വ്യവസ്ഥയുണ്ടായിരുന്നു.

വർണപരിവർത്തനത്തെക്കുറിച്ച് നിരവധി പ്രമാണങ്ങൾ വൈദിക സാഹിത്യത്തിൽ നിന്നും ലഭിക്കുന്നുണ്ട്.

1. ഐതരേയ ഋഷി, ദാസൻ അഥവാ അപരാധിയുടെ പുത്രനായിരുന്നു. എന്നാൽ തന്റെ സദ്ഗുണങ്ങളാൽ അദ്ദേഹം ഉന്നത ബ്രാഹ്മണനായിത്തീർന്നു. ഐതരേയ ബ്രാഹ്മണം, ഐതരേയോപനിഷത്ത് എന്നിവ രചിച്ചത് അദ്ദേഹമാണ്. ഋഗ്വേദം മനസ്സിലാക്കാൻ ഐതരേയ ബ്രാഹ്മണം വളരെയധികം ഉപയോഗപ്രദമാണ്.

2. ഐലുഷ ഋഷി ദാസീപുത്രനായിരുന്നു ഒരു ചൂതാട്ടക്കാരനും മോശം സ്വഭാവക്കാരനുമായിരുന്നു അദ്ദേഹം. എന്നാൽ പിന്നീടദ്ദേഹം നന്നായി അധ്യയനം ചെയ്ത് ഋഗ്വേദത്തെപ്പറ്റി ഗവേഷണാത്മകമായ പല രചനകളും നടത്തി. ഋഷിമാർ ആദരപൂർവ്വം അദ്ദേഹത്തെ ക്ഷണിച്ചുവരുത്തി ആചാര്യപദവി നൽകി. (ഐതരേയ ബ്രാഹ്മണം 2.19)

3. സത്യകാമജാബാല ഗണികാ (വേശ്യ) പുത്രനായിരുന്നു. എന്നാലദ്ദേഹം ബ്രാഹ്മണ്യം നേടി (ഛാന്ദോഗ്യ ഉപനിഷത്ത് 4.4.4)

4. ദക്ഷരാജാവിന്റെ പുത്രൻ പൃഷധൻ ശൂദ്രനായിത്തീർന്നു. എന്നാൽ പിന്നീടദ്ദേഹം പ്രായശ്ചിത്തം ചെയ്ത് തപസ്സനുഷ്ഠിച്ച് മോക്ഷം പ്രാപിച്ചു (വിഷ്ണുപുരാണം 4.1.4). എന്നാൽ ഉത്തരരാമായണത്തിൽ ശൂദ്രന് തപസ്സ് ചെയ്യാൻ പാടില്ലാ എന്ന തരത്തിലുള്ള ഒരു പ്രക്ഷിപ്ത കഥയുണ്ട്. അങ്ങനെയായിരുന്നുവെങ്കിൽ പൃഷധൻ എങ്ങനെയാണ് തപസ്സ് ചെയ്തത്?

5. നേദിഷ്ട രാജാവിന്റെ പുത്രൻ നാഭാഗൻ വൈശ്യനായിത്തീർന്നു (വിഷ്ണുപുരാണം 4.1.13).

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

ഇവ ചെയ്യാതിരുന്നാൽ നിനക്ക് പിന്നീട് പശ്ചാത്തപിക്കേണ്ടി വരും. ഇത്തരത്തിൽ ഒരവസരം ഇനി ലഭിച്ചെന്നു വരില്ല. ഞങ്ങൾ വീട്ടുകാര്യങ്ങളും നിന്റെ ഭക്ഷണപാനീയങ്ങൾക്കും വേണ്ടുന്നത് ചെയ്യും. അതിനാൽ നീ നല്ല വിദ്യാഭ്യാസം നേടി സർവ്വോൽകൃഷ്ട വിദ്യാരൂപിയായ ധനത്തെ സമാഹരിക്കണം. ഈ വിദ്യയാണ് ക്ഷയിക്കാത്ത ധനം. കള്ളൻമാർക്കിത് കൊണ്ടുപോകാനാവില്ല. അതിന് ഭാരവുമില്ല. എത്രകണ്ട് മറ്റുള്ളവർക്ക് ദാനം ചെയ്യുന്നുവോ അത്രകണ്ട് വർദ്ധിക്കുകയും ചെയ്യും. അതുകൊണ്ടെവിടെപ്പോയാലും സുഖവും ആദരവും ലഭിയ്ക്കും. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയെ സംബന്ധിച്ച കർമ്മങ്ങളറിഞ്ഞ് പ്രവർത്തിക്കാനാവും. നിനക്ക് വിദ്യാദി ശ്രേഷ്ഠ ഗുണങ്ങൾ ഉണ്ടാവുമ്പോൾ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ടാവും. നീ എന്തെങ്കിലും ദുഷ്ടകർമ്മങ്ങൾ ചെയ്താൽ അത് ഞങ്ങളുടെ നിർഭാഗ്യമായി കരുതും. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ ഏതു പാപകർമ്മത്താലാണ് ഞങ്ങൾക്കിങ്ങനെയൊരു ദുഷ്ടസന്താനമുണ്ടായത് എന്ന് വിലപിക്കും. ഉത്തമ ശിക്ഷണം ലഭിക്കാത്തവർക്ക് രാജ്യധനങ്ങൾ കിട്ടിയാലും അവ നശിച്ചുപോവും. എന്നാൽ ശ്രേഷ്ഠനും നല്ല വിദ്യാഭ്യാസം നേടിയവനുമായ ദരിദ്രനും രാജ്യഐശ്വര്യങ്ങൾ നേടാവുന്നതാണ്. നിനക്ക് വേണ്ടത്–

**"യാന്യസ്മാകം സുചരിതാനി താനി ത്വയോ പാസ്യാനി നോ ഇതരാണി"**

(തൈത്തീരിയ ആരണ്യകേ പ്രപാഠകേ 7, അനുവാകേ 11)

ഞങ്ങൾ ചെയ്യുന്ന ഉത്തമകാര്യങ്ങൾ ചെയ്താലും. ഞങ്ങൾ എന്തെങ്കിലും മോശം കർമ്മങ്ങൾ ചെയ്തുപോയാൽ നിങ്ങളതൊരിക്കലും ചെയ്യരുത്. ഇത്തരത്തിലുള്ള ഉത്തമോപദേശങ്ങൾ നൽകുന്നവരാണ് ശ്രേഷ്ഠരായ മാതാപിതാക്കളും ആചാര്യന്മാരും.

**ചോദ്യം : രാജാവ്, പ്രജകൾ, ഇഷ്ടമിത്രാദികൾ തുടങ്ങിയവരോട് എങ്ങനെയാണ് പെരുമാറേണ്ടത്?**

**ഉത്തരം** : രാജപുരുഷൻ പ്രജകൾക്ക് നല്ല മാതാപിതാക്കളെപ്പോലെയായിരിക്കണം. പ്രജകൾ നല്ല സന്താനങ്ങളെപ്പോലേയും വർത്തിച്ച് പരസ്പരം ആനന്ദം വർദ്ധിപ്പിക്കണം. സുഹൃത്തുക്കൾ പരസ്പരം സ്വന്തം കാര്യത്തിനെന്നപോലെ സത്യാചരണത്തോടെ വർത്തിക്കണം. അധർമ്മം ചെയ്യരുത്. തന്നെപ്പോലെ തന്നെ തന്റെ അയൽക്കാരനേയും കാണണം. സുഹൃത്തുക്കളോടും തന്നോടെന്നപ്പോലെ പെരുമാറണം. സേവകൻ തന്റെ യജമാനനോട് തനിക്ക് വേണ്ടുന്ന ഭക്ഷണം, വസ്ത്രം, വീട് ശരീരം തുടങ്ങിയവ സംരക്ഷിക്കുന്നതിന് യത്നിക്കുന്നതുപോലെ പെരുമാറണം.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദനാംനിത്യത്വ വിചാരഃ

**സർവ്വജ്ഞേശ്വരസ്യ ശാസ്ത്രമപി നിത്യം സർവ്വാർത്ഥ ജ്ഞാനയുക്തം ച ഭവിതുമർഹതി। അന്യച്ച തസ്മിന്നേവാദ്ധ്യായേ–**

**അത ഏവ ച നിത്യത്വമ് (പാ.3 സൂ.29)**

(ഇഹാപ്യദ്ധ്യായ സംഖ്യാ സൂത്രോത്ഥാനികായാം നിർദ്ദിഷ്ടേതികൃത്വാ പുനർന നിർദിഷ്ടാ। ഏവം ചേഹ അ.1, പാദം 3, സൂ.2, സ്വം പ്രകാശയതി സ്വപ്രകാശഃ)

**അസ്യായമർത്ഥഃ –** അത ഈശ്വരോക്തത്വാന്നിത്യധർമ്മകത്വാദ് വേദാനാം സ്വതഃ പ്രാമാണ്യം സർവ്വവിദ്യാവത്ത്വം ച സർവ്വമനുഷ്യൈർമന്തവ്യമിതി സിദ്ധമ്।

ന വേദസ്യപ്രാമാണ്യസിദ്ധ്യർത്ഥ മന്യത് പ്രമാണം സ്വീക്രിയതെ। കിംത്വേതത് സാക്ഷിവദ്വിജ്ഞേയമ്। വേദാനാം സ്വതഃ പ്രാമാണ്യത്വാത്, സൂര്യവത് യഥാ സൂര്യഃ സ്വപ്രകാശഃ (സ്വം പ്രകാശയതി സ്വപ്രകാശഃ) സന് സംസാരസ്ഥാൻമഹതോ $f$ ൽ പാംശ്വ പർവ്വതാദീന് ത്രസരേണ്വന്താന് പദാർത്ഥാന് പ്രകാശയതി, തഥാ വേദോ $f$ പി സ്വയം സ്വപ്രകാശഃ സന് സർവ്വാവിദ്യാഃ പ്രകാശയതീത്യവധേയമ്।

**ഭാവാർത്ഥം –** ഇപ്രകാരം വേദങ്ങൾ നിത്യമാണെന്ന് വേദാന്തശാസ്ത്രത്തിൽ വ്യാസനും എഴുതുന്നു. (ശാസ്ത്ര.) ഈ സൂത്രത്തിന്റെ അർത്ഥം പറയുന്നിടത്ത് ശങ്കരാചാര്യരും വേദത്തിന്റെ നിത്യത്വത്തെമാനിച്ചുകൊണ്ടാണ് വ്യാഖ്യാനം ചെയ്തിട്ടുള്ളത്. ഋഗ്വേദാദി ചതുർവ്വേദങ്ങൾ അനേകവിദ്യായുക്തമാണ്. സൂര്യസമാനം (ശങ്കരാചാര്യരുടെ ഭാഷ്യത്തിലെ പാഠാനുസാരം പ്രദീപത്തിനുസമാനം എന്ന പാഠമാണ് വരേണ്ടത്). സർവ്വസത്യാർത്ഥങ്ങളുടേയും പ്രകാശം ചെയ്യുന്നതാണത്. അതിനെയുണ്ടാക്കുന്നവൻ സർവ്വജ്ഞാദിഗുണങ്ങളുള്ള പരബ്രഹ്മമാണ്. എന്തെന്നാൽ സർവ്വജ്ഞബ്രഹ്മത്തിൽനിന്നും വ്യത്യസ്തമായി ഒരു ജീവിക്കും സർവ്വജ്ഞ ഗുണയുക്തമായ ഈ വേദങ്ങൾ ഒരിക്കലും ഉണ്ടാക്കാനാവില്ല. എന്നാൽ ജീവിച്ചിരിക്കുന്ന മനുഷ്യർക്ക് വേദാർത്ഥവിസ്താരത്തിനായി മറ്റു ശാസ്ത്രങ്ങളെ ഉണ്ടാക്കാൻ പറ്റിയെന്നുവരാം. പാണിനി തുടങ്ങിയ മുനിമാർ വ്യാകരണാദി ശാസ്ത്രങ്ങൾ നിർമ്മിച്ചതുപോലെ. അവയിൽ വിദ്യയുടെ പ്രത്യേകഭാഗങ്ങളെ മാത്രമെ പ്രകാശിപ്പിച്ചിട്ടുള്ളു. അതും വേദങ്ങളെ ആശ്രയിച്ചാണ് ഉണ്ടാക്കിയിരിക്കുന്നതും.

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




**ഇ**ക്കാലത്ത് നമ്മുടെ ഭരണാധികാരികൾ സ്വാർത്ഥികളും അവസരവാദികളുമായാണ് കാണപ്പെടുന്നത്. അതിനാലാണ് സർവ്വദുർഗുണങ്ങളും അവരിൽ കാണുന്നത്. ഇതിൽ ആശ്ചര്യപ്പെടാനെന്തിരിക്കുന്നു? ഇത് നമ്മുടെ ആര്യാവർത്തത്തിന്റെ ദുർദ്ദശയാണ്.

**ബഹവഃ പുരുഷാ രാജൻ സതതം പ്രിയവാദിനഃ।**

**അ പ്രിയസ്യ തു പഥ്യസ്യ വക്താ ശ്രോതാ ച ദുർല്ലഭഃ ॥**

(മഹാഭാരതം ഉദ്യോഗപർവ്വം 37–15)

സഗരരാജാവ് സുശീലനും നീതിമാനുമായിരുന്നു. അദ്ദേഹത്തിന് വിഡ്ഢിയും ദുഷ്ടനുമായ അസ്മംജസ് എന്നു പേരായ പുത്രനുണ്ടായി. അയാൾ ഒരു ദരിദ്രബാലനെ വെള്ളത്തിലേക്ക് വലിച്ചെറിഞ്ഞു. രാജാര്യസഭയിൽ ഈ പരാതിയെത്തിയപ്പോൾ രാജാവ് അയാളെ ഒരു കൊടുംകാട്ടിൽ തടവുകാരനാക്കാൻ വിധിച്ചു. ഇതിന്റെ പേരാണ് ന്യായം.

ഭരണാധികാരികൾ എപ്പോഴും ശരിയായിരിക്കും. സൂര്യൻ, അഗ്നി, ദേവത എന്നിവരെപ്പോലെ ഇങ്ങനെ ഒരു ചൊല്ലുണ്ട് (തുളസീദാസ രാമായണത്തിൽ) ഇത്തരത്തിലെ ചൊല്ലുകളുടെ വ്യവസ്ഥയാണ് നമ്മുടെ നാടിനെ നശിപ്പിച്ചത് (കുറ്റങ്ങൾ ചെയ്താൽ നിരക്ഷരരെയപേക്ഷിച്ച് ഭരണം കയ്യാളുന്നവരേയും പണ്ഡിതന്മാരേയുമാണ് കൂടുതൽ കഠിനമായി ശിക്ഷിച്ചിരുന്നത്. തങ്ങൾ ചെയ്യുന്നത് ശരിയോ തെറ്റോ എന്ന് വ്യക്തമായ ധാരണയുള്ളവരായിരുന്നു അവർ എന്നതിനാലാണ് ഭരണാധികാരികൾക്കും പണ്ഡിതന്മാർക്കും കൂടുതൽ കഠിനമായ ശിക്ഷ നൽകിയിരുന്നത്. നമ്മുടെ പൂർവ്വസൂരികളുടെ ഗുണഗണങ്ങളായിരുന്നു നമ്മുടെ ഐശ്വര്യത്തിന്റെ ഹേതു. അതല്ലാതെ തുളസീദാസ് പോലുള്ളവരുടെ ഇത്തരം വചനങ്ങളല്ല.)

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**ഈ**ശ്വരൻ അനന്തനാണ്. അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും. അണുവായ ജീവാത്മാവ് അണുവായി തന്നെയിരിക്കും. അതിനാൽ അനന്തമായ പരമാത്മാവിനെക്കുറിച്ചുള്ള സമ്പൂർണ്ണ ജ്ഞാനം അണുവായ ജീവാത്മാവിന് എങ്ങനെ സാധിയ്ക്കുന്നു? മോക്ഷ പ്രാപ്തിക്ക് എത്രത്തോളം ജ്ഞാനം ആവശ്യമാണോ അതിനുള്ള ക്ഷമത മാത്രമേ ജീവാത്മാവിനുള്ളു. ഒട്ടും അധികമില്ല. ഈശ്വരൻ സ്വഭാവേന അൽപ്പജ്ഞനും അണുവും ഏകദേശീയനുമാണ്. സർവ്വജ്ഞൻ എപ്പോഴും ഒന്നേ ഉണ്ടാവുകയുള്ളു. അനേകമുണ്ടാവില്ല. മോക്ഷപ്രാപ്തിക്കുതകുന്ന ജ്ഞാനം ലഭിക്കുക എന്നതുതന്നെ ജീവാത്മാവിന്റെ ഏറ്റവും വലിയ സൗഭാഗ്യമാണ്.

**ചോദ്യം 76: വേദങ്ങൾ എപ്പോൾ, എങ്ങനെ, ആരാണ് എഴുതിയത്? എല്ലാവേദങ്ങളിലും പൂർണ്ണജ്ഞാനമുണ്ടോ?**

**ഉത്തരം :** വേദജ്ഞാനം ഈശ്വരീയമാണ്. മനുഷ്യന്റെ ഉല്പ്പത്തി സമയത്ത് മനുഷ്യകുലത്തിന്റെ ഉന്നതിക്കായി സ്വയം പരമാത്മാവ് ഏറ്റവും പുണ്യാത്മാക്കളായിരുന്ന 4 ഋഷിമാർക്ക് ഈ ജ്ഞാനത്തെ അവരുടെ ഹൃദയത്തിൽ പ്രകാശിപ്പിക്കുന്നു. ഓരോ കൽപ്പത്തിലും എന്നത്തേയുംപോലെ ഈ ജ്ഞാനം മനുഷ്യർക്ക് സിദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ധർമ്മാർത്ഥകാമമോക്ഷത്തെ പ്രാപിക്കുവാൻ സക്ഷമനായിത്തീരുകയും ചെയ്യുന്നു. ഈശ്വരൻ സർവ്വജ്ഞനും പൂർണ്ണനുമാണ്. അതിനാൽ അദ്ദേഹത്താൽ നൽകപ്പെടുന്ന വേദജ്ഞാനം എങ്ങനെ അപൂർണ്ണമാവും? എത്രത്തോളം കഴിവ് ജീവാത്മാവിനുണ്ടോ അത്രത്തോളം അറിവ് വേദത്തിൽനിന്ന് ലഭ്യമാണ്. അപ്രകാരം ഇഹലോകത്തെയും പരലോകത്തേയും ശ്രേഷ്ഠമാക്കാനും ഈശ്വരാനന്ദത്തെ പ്രാപ്തമാക്കാനും കഴിയുന്നു. അഗ്നി, അങ്ഗിരസ്, വായു, ആദിത്യൻ എന്നീ നാല് ഋഷിമാരുടെ ഹൃദയത്തിലാണ് ഈശ്വരൻ വേദജ്ഞാനത്തെ പകർന്നു നൽകുന്നത്. അഗ്നി, വായു, അങ്ഗിരസ്, ആദിത്യൻ എന്നീ ഋഷികളിലൂടെ യഥാക്രമം ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം എന്നിവ പ്രകാശിപ്പിക്കപ്പെട്ടു. കാലക്രമേണ ഈ ഋഷിമാരുടെ സമ്പർക്കത്തിൽ വരുന്നവരും ഈ അമൂല്യജ്ഞാനത്തെ കേട്ടും ഉച്ചരിച്ചും സ്വായത്തമാക്കുന്നു.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**വേ**ദോക്തമായ ഈ മൂന്ന് അനാദിതത്ത്വങ്ങളേയും യോഗദർശനത്തിൽ വിഭിന്ന യോഗസൂത്രങ്ങളിലൂടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സ്പഷ്ടമാക്കാനായി ഏതാനും യോഗസൂത്രങ്ങൾ താഴെകൊടുക്കുന്നു.

**ഒന്നാമത്തെ അനാദിതത്ത്വം = ഈശ്വരൻ**

**ക്ലേശകർമ്മവിപാശയൈർ പരാകൃഷ്ടഃ പുരുഷവിശേഷ ഈശ്വരഃ**
(യോഗദർശനം 1.24)

അവിദ്യാ തുടങ്ങിയ പഞ്ചക്ലേശങ്ങൾ, ശുഭാശുഭമിശ്രിതകർമ്മങ്ങൾ, കർമ്മങ്ങളുടെ സുഖദുഃഖ ഫലങ്ങൾ, കർമ്മഫലങ്ങളുടെ ഭോഗത്താൽ ഉണ്ടാവുന്ന വാസനകളിൽനിന്നും വേറിട്ടുനിൽക്കുന്ന പുരുഷവിശേഷമാണ് ഈശ്വരൻ.

**രണ്ടാമത്തെ അനാദിതത്വം = ജീവാത്മാവ്**

**ദ്രഷ്ടാ ദൃശിമാത്രഃ ശുദ്ധോഽപി പ്രത്യയാനുപശ്യഃ ॥**
(യോഗദർശനം 2.20)

ജീവാത്മാവ് ചേതനാമാത്രശുദ്ധതത്ത്വമായി ബുദ്ധിവൃത്തികളനുസരിച്ച് കണ്ടുകൊണ്ടിരിക്കുന്നവനാണ്.

**മൂന്നാമത്തെ അനാദിതത്ത്വം = പ്രകൃതി**

**പ്രകാശക്രിയാ സ്ഥിതിശീലം ഭൂതേന്ദ്രിയാത്മകം ഭോഗാപവർഗ്ഗാർത്ഥം ദൃശ്യം॥** (യോഗദർശനം 2.12)

പ്രകാശം, ക്രിയ, സ്ഥിതി സ്വഭാവം എന്നിവയോടുകൂടിയ ജീവാത്മാവിന്റെ ഭോഗ-അപർഗ്ഗരൂപ പ്രയോജനത്തെ സിദ്ധിക്കുന്ന ദൃശ്യമാണ് പ്രകൃതി.

**തദർത്ഥ ഏവ ദൃശ്യസ്യാത്മാ** (യോഗദർശനം 2.21)

ആ അനാദിതത്ത്വമായ ജീവാത്മാവിന്റെ പ്രയോജനം സിദ്ധിക്കുന്നതിനുള്ള ദൃശ്യം= പ്രകൃതി അതായത് വികൃതിയുടെ സ്വരൂപം.

മേൽ വിവരിച്ച മന്ത്രങ്ങളിൽ നിന്നും യോഗസൂത്രമാധ്യമങ്ങളിൽ നിന്നും മൂന്ന് അനാദിതത്ത്വങ്ങൾ ഉണ്ടെന്ന് സിദ്ധിക്കുന്നു. ഈ അനാദിതത്ത്വങ്ങളെ ശരിയാംവണ്ണമറിഞ്ഞ് നിഷ്കാമകർമ്മവും ഉപാസനകളുമാവുന്ന മാധ്യമങ്ങളിലൂടെ മാത്രമെ ഒരാൾക്ക് ഈശ്വരസാക്ഷാത്ക്കാരം നേടി മോക്ഷത്തിന്റെ ഭാഗഭാക്കാനാവുകയുള്ളു.

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** — **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

**ആ**ദ്യത്തെ ഒമ്പത് അദ്ധ്യായങ്ങളിൽ ജൈമിനി ഋഷി മാർക്കാണ്ഡേയ മഹർഷിയോട് മഹാഭാരതവുമായി ബന്ധപ്പെട്ട നാലു സംശയങ്ങൾ ചോദിക്കുന്നു. വിന്ധ്യാചലപർവ്വതത്തിൽ വസിക്കുന്ന ധർമ്മപക്ഷികളുടെ മാധ്യമത്തിലൂടെ അദ്ദേഹമതിന് മറുപടി നൽകുന്നു. മഹാഭാരതസംബന്ധമായ 4 പ്രശ്നങ്ങൾ ഇവയാണ്.

1. സൃഷ്ടി, സ്ഥിതി, സംഹാരം എന്നിവ നടത്തുന്ന സർവ്വവ്യാപിയായ ഭഗവാൻ കൃഷ്ണൻ മനുഷ്യരൂപത്തിൽ അവതാരമെടുത്തത് എന്തിനാണ്?
2. ദ്രുപദകന്യകയായ ദ്രൗപദി പഞ്ചപാണ്ഡവരുടെ പത്നിയായിട്ടുകൂടി പഞ്ചകന്യകകളുടെ പവിത്രശ്രേണിയിൽ (സീത, മണ്ഡോദരി, ദ്രൗപദി, താര, കുന്തി) വന്നതെങ്ങനെ?
3. ഭഗവാന്റെ ജേഷ്ഠനായ ബലരാമൻ തീർത്ഥയാത്രാവിഷയത്തിൽ ബ്രഹ്മഹത്യാപാപത്തിൽനിന്നും മുക്തമായത് എങ്ങനെ?
4. ദ്രൗപദിയുടെ മഹാരഥികളായ അഞ്ചുപുത്രന്മാർ അവരുടെ പിതാവ് വീരന്മാരായ പാണ്ഡവരായിരുന്നിട്ടും ഭഗവാൻ കൃഷ്ണന്റെ ആശിർവാദമുണ്ടായിട്ടും അനാഥരെപ്പോലെ അശ്വത്ഥാമാവിനാൽ വധിക്കപ്പെട്ടതെന്തുകൊണ്ട്?

ത്രയി വിദ്യ, സത്വരജസ്തമ, ഭൂ-ഭുവഃ-സ്വഃ, ബ്രഹ്മാവ്- വിഷ്ണു-മഹേശ്വരൻ, സൃഷ്ടി-സ്ഥിതി-പ്രളയം, മനസ്സ്-വാക്-പ്രാണൻ, അവ്യയം-അക്ഷരം-ക്ഷരപുരുഷൻ, ദക്ഷിണാഗ്നി-ഗാർഹപത്യാഗ്നി-ആഹവനീയാഗ്നി, വിരാട്-ഹിരണ്യഗർഭം-അവ്യാകൃതം, അ-ഉ-മ, ഋക്-യജുസ്സ്-സാമം, സത്യം-ശിവം-സുന്ദരം തുടങ്ങിയ ത്രിഗുണാത്മകത സനാതന ഭാരതീയ വൈദികധർമ്മത്തിന്റെ സവിശേഷതയാണ്.

ഈ ത്രിഗുണാത്മകതയുടെ ആധാരത്തിൽ മാർക്കാണ്ഡേയ പുരാണത്തിൽ ദുർഗ്ഗാസപ്തശതി വിവരിക്കുന്നു. ദുർഗ്ഗയുടെ ഒരു പേര് ത്രിഗുണാ എന്നാണ്. ഈ പുരാണത്തിൽ വിവരിക്കുന്ന ദുർഗ്ഗാസപ്തശതി തന്ത്രശാസ്ത്രത്തിലെ അമൂല്യനിധിയായി പൗരാണികർ പറയുന്നു.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഭാവാർത്ഥം :** ഇത് ദ്രുപദരാജാവിന്റെ പുത്രിയായ ദ്രൗപദിയാണ്. നിന്റെ അനുജന്മാരായ ഭീമനും അർജ്ജുനനും എന്നോട് പറഞ്ഞത് ഭിക്ഷകൊണ്ടുവന്നിരിക്കുന്നു എന്നാണ്. ഞാൻ ഒന്നും കാണാതെ നിങ്ങളഞ്ചുപേരും ചേർന്നത് ഭക്ഷിക്കാൻ പറഞ്ഞു. കുരുവംശത്തിലെ ശ്രേഷ്ഠനായ യുധിഷ്ഠിരാ! ഇനി എന്തുചെയ്യാനാവുമെന്ന് താങ്കൾ പറഞ്ഞാലും. എന്റെ വാക്ക് വ്യർത്ഥമായി പോകാതെയിരിക്കുകയും ദ്രൗപദിക്ക് പാപമൊന്നും ഏൽക്കാതിരിക്കാനുമായി എന്തു ചെയ്യാൻ കഴിയും?

**സ ഏവം ഉക്തോ മതിമാൻനൃവിരോ ।**
**മാത്രാ മുഹൂർത്തതു വിചിന്ത്യ രാജാ॥**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 190 ശ്ലോകം 6)

**ഭാവാർത്ഥം:** യുധിഷ്ഠിരൻ കുറച്ചുസമയം ഈ വിഷയത്തെക്കുറിച്ച് മനസ്സിൽ ചിന്തിച്ചു. തുടർന്ന് എഴുതുന്നു.

## പാണ്ഡവർക്കെതിരെ അശ്ലീലമാർന്ന ആരോപണങ്ങൾ

**തേഷാം തു ദ്രൗപദിം ദൃഷ്ട്വാ സർവ്വേഷാമഭി തേജസാമ് ।**
**സംപ്രമഥ്യേന്ദ്രിയഗ്രാമം പ്രാദുരാസീൻമനോഭവഃ ॥**
**തേഷാമാകാരഭാവജ്ഞഃ കുന്തീപുത്രോയുധിഷ്ഠിരഃ ॥**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 190 ശ്ലോകം 13, 14)

**ഭാവാർത്ഥം:** ദ്രൗപദിയെ കണ്ടതോടെ തന്നെ മഹാതേജസ്വികളായ പാണ്ഡവരുടെ ഇന്ദ്രിയങ്ങളിൽ കാമമുൽപ്പന്നമായി. ആ സുന്ദരിയെ കണ്ടതോടെ അവരെല്ലാം കാമപരവശരായിത്തീർന്നു.

സഹോദരന്മാരുടെ മനോഭാവമറിഞ്ഞ യുധിഷ്ഠിരൻ അവരുടെ ഭാവഹാദികൾ മനസ്സിലാക്കി ഇങ്ങനെ പറഞ്ഞു.

**അബ്രവീത് സഹിതാന് ഭ്രാതൃന് മിഥോഭേദയാൻനൃപഃ ।**
**സർവ്വേഷാം ദ്രൗപദീം ഭാര്യാ ഭവിഷ്യതി ഹി നഃ ശുഭാ ॥**

(മഹാഭാരതം ആദിപർവ്വം അദ്ധ്യായം 190 ശ്ലോകം 16)

**ഭാവാർത്ഥം:** ദ്രൗപദി കാരണം നാം അഞ്ചുസഹോദരങ്ങൾ തമ്മിൽ പിരിയാനിടവരരുത് എന്ന ഭയം മൂലം യുധിഷ്ഠിരൻ തന്റെ സഹോദരന്മാരോട് ദ്രൗപദി നമ്മുടെയെല്ലാം പത്നിയായിരിക്കുമെന്ന് പറഞ്ഞു.

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



**അ**നേകം മഹാത്മാക്കളും സാധാരണക്കാരും രാഷ്ട്രീയ നേതൃനിരയിൽപ്പെട്ടവരും ഉദ്യോഗസ്ഥ മേധാവികളുമായവരുമായി ഇടപഴകാനും സൗഹൃദം പങ്കുവെക്കാനും സാധിച്ചുഎന്നുള്ളതാണ് ഈ പൊതു പ്രവർത്തനംകൊണ്ട് എനിക്കുണ്ടായ ഏറ്റവും വലിയ നേട്ടം. അതോടൊപ്പം കുറെ ഭാഷകളും സ്വാധീനമാക്കാൻ കഴിഞ്ഞു. ഭാഗ്യമെന്നല്ലാതെ എന്തു പറയാൻ? അ, ഇനി പറയൂ താങ്കളുടെ ബയോഡാറ്റയും ഉദ്യോഗവും. അയാൾ ഔൽസുക്യത്തോടെ പാച്ചനെ പ്രേരിപ്പിച്ചുകൊണ്ട് മന്ദഹസിച്ചു.

പാച്ചന്റെ മുഖം പ്രഫുല്ലിതമായി. താനാദ്യം സങ്കൽപ്പിച്ചമാതിരിയല്ല ഈ മനുഷ്യൻ. മനുഷ്യത്വമുള്ളവനും ആത്മാർത്ഥതായുക്തനും ആദർശധീരനും ഭാരതീയാർഷ സംസ്കാരനിഷ്ഠനും സത്യസന്ധനുമായ ഒരു വ്യക്തിയേയാണ് പ്രഥമ ദൃഷ്ടിയിൽതന്നെ അയാളിൽ പാച്ചന് കാണാൻ കഴിഞ്ഞത്. നടുക്കടലിൽ നിയന്ത്രണം വിട്ട് അലകളിലുലയുന്ന വഞ്ചിക്കൊരു ചുക്കാൻകിട്ടിയപോലെ പാച്ചനുശുഭാപ്തിവിശ്വാസമേകി ആ കൂടിക്കാഴ്ച. പ്രാണന്റെ കുറവ് നികത്താൻ പ്രകൃതി സ്വയം ചെയ്യുന്നതുപോലെ പാച്ചൻ സ്വയമറിയാതെ ഒരു ദീർഘശ്വാസം അയാളുടെ ശ്വാസകോശത്തിൽ പ്രവേശിച്ച് ശുദ്ധീകരിച്ച് ശ്വാസമേകി പുറത്തേക്കൊഴുകി.

എന്താ ഒരു മൗനം? എന്താച്ചാൽ പറയൂ ഉം. മടിക്കേണ്ട. ഇരുട്ടിനെ പ്രകാശം കൊണ്ടും തണുപ്പിനെ ചൂടുകൊണ്ടും മറ്റും പരിഹരിയ്ക്കാറില്ലേ നാം? ഒരു നെഗറ്റീവിനൊരു പോസ്റ്റീവ് ഉണ്ടിവിടെ. അതനിവാര്യമാണ്. ഒന്നില്ലെങ്കിൽ മറ്റേതിനെന്തു പ്രസക്തി? അവക്കിടയിൽ സാമഞ്ജസ്യമുണ്ടാക്കി കൈകാര്യം ചെയ്താൽ ഒന്നുമറ്റേതിന്റെ പൂരകമായി മാറും. സംഘർഷം സമവായമായിത്തീരും എന്നാൽ അതിന് ബുദ്ധിയും വിവേകവും വേണമെന്നുമാത്രം. മറ്റുള്ളവയ്ക്കില്ലാത്ത ആ അമൂല്യ വസ്തു നമുക്കീശ്വരൻ തന്നിട്ടുണ്ടല്ലോ? പിന്നെന്തിനുഭയപ്പെടണം? പാശ്ചാത്യരുടെ സംഘർഷാത്മക സിദ്ധാന്തം ശരിയല്ല. അത് ഉപരിപ്ലവമേ ആകുന്നുള്ളു. അത് നാശോൻമുഖമാണ്. കൈയ്യൂക്കുള്ളോൻ കാര്യക്കാരൻ എന്നതാണവരുടെ ജീവിത സിദ്ധാന്തം. അതുപോട്ടെ, നമുക്കിവിടെ നമ്മുടേതായ ചില സിദ്ധാന്തങ്ങളുണ്ട്. അവ വേണ്ടവിധം നടപ്പിലാക്കിയാൽ എല്ലാം പരിഹൃതമാവും. ഭയപ്പെടേണ്ടകാര്യമില്ല. പറഞ്ഞോളു. വിഷമമെന്താണ്? രാമകൃഷ്ണൻ സ്വന്തം ജീവിതാനുഭവചെപ്പ് തുറന്നു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*